പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1546 21/01/2014-ൽ മറുപടിക്ക്

ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. എൻ. ഷംസുദ്ദീൻ: — ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് തെന്മല താഴ്വരയിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പാലക്കാട് കൊല്ലങ്കോട് കോവിലകം പറമ്പിൽ 1999-2000 കാലഘട്ടത്തിൽ കേരള പുരാവസ്തുവകുപ്പ് ഉത്ഖനനം ചെയ്ത് ലഭിച്ച പുരാവസ്തുക്കൾ തൃശ്ശൂർ പുരാവസ്തു മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കോവിലകം പറമ്പിലുള്ള പുരാതന കിണർ, അൽപ്പ പ്രസാദം ക്ഷേത്രം, കരിങ്കൽ മണ്ഡപം എന്നിവ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി പ്രസ്തുത പ്രദേശത്തിന്റെ റവന്യൂ വിശദവിവരങ്ങൾ പാലക്കാട് ജില്ലാ കളക്ടറിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രാചീന ശിലായുഗം തൊട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ ധാരാളമുള്ള പ്രസ്തുത പ്രദേശത്തിന്റെ ഉദ്ഖനനത്തിനും ചരിത്രപഠനത്തിനും പ്രചരണത്തിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) | 1999-2000 കാലഘട്ടത്തിൽ 2 ഘട്ടമായി പ്രസ്തുത പ്രദേശത്ത് ഉദ്ഖനനം നടത്തിയിട്ടുള്ളതും ലഭ്യമായ പുരാവസ്തുക്കൾ തൃശ്ശൂർ പുരാവസ്തു മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത പ്രദേശത്ത് വീണ്ടും ഉദ്ഖനനം നടത്തുന്നതിനുള്ള ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.